## കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, തിരുവനന്തപുരം
## ജൈവവൈവിധ്യ സെമിനാർ/ശിൽപ്പശാല/സിമ്പോസിയം – സാമ്പത്തിക സഹായത്തിനുള്ള നിബന്ധനകൾ

1. സെമിനാർ/ശിൽപ്പശാല/സിമ്പോസിയം എന്നിവ സംഘടിപ്പിക്കുന്നതിനുള്ള ഭാഗിക സാമ്പത്തിക സഹായമാണ് ലഭ്യമാക്കുന്നത്.
2. ഏകദിന സെമിനാർ/ ശിൽപ്പശാല/സിമ്പോസിയം എന്നിവയ്ക്ക് പതിനായിരം രൂപയും ദ്വിദിന സെമിനാർ/ശിൽപ്പശാല/സിമ്പോസിയം എന്നിവയ്ക്ക് ഇരുപതിനായിരം രൂപയും ആണ് പരമാവധി ലഭിക്കുക.
3. ഒരു സ്ഥാപനത്തിൽ നിന്നും ഒരു പ്രൊപ്പോസൽ മാത്രമേ സ്വീകരിക്കു.
4. ജൈവവൈവിധ്യ സംരക്ഷണവുമായി ബന്ധപ്പെട്ട പരിപാടികളാണ് ഉൾപ്പെടുത്തേണ്ടത്.
   ഉദാഃ ജൈവവൈവിധ്യ സംരക്ഷണവുമായി ബന്ധപ്പെട്ട ദിനാഘോഷങ്ങൾ/വാരാഘോഷങ്ങൾ/ ആഗോളതാപനവും കാലാവസ്ഥാവ്യതിയാനവും, ജലം/വായു/മണ്ണ് സംരക്ഷണം, അധിനിവേശ ജീവജാലങ്ങൾ, ആവാസവ്യവസ്ഥാ സംരക്ഷണം, കാലാവസ്ഥാ വ്യതിയാനകാലത്തെ വികസനം മുതലായവ.
5. പ്രസ്തുത പരിപാടിയുടെ Tentative programme Schedule ഉൾപ്പെടുത്തി വേണം അപേക്ഷ സമർപ്പിക്കേണ്ടത്.
6. പരിപാടിയുടെ ബ്രോഷർ, ബാനർ എന്നിവയിൽ കെ.എസ്.ബി.ബി.യുടെ പേരും, ലോഗോയും ഉൾപ്പെടുത്തേണ്ടതാണ്.
7. കെ.എസ്.ബി.ബി. ബോർഡ് അംഗങ്ങളെയോ, സംസ്ഥാനതല/ ജില്ലാതല ഉദ്യോഗസ്ഥരെയോ പരിപാടിയിൽ ഉൾപ്പെടുത്തുകയോ, വിവരം അറിയിക്കുകയോ ചെയ്യേണ്ടതാണ്.
8. സംഘടിപ്പിക്കുന്ന പരിപാടിയിൽ ഏറ്റവും കുറഞ്ഞത് 50 പേരുടെയെങ്കിലും പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതാണ്.
9. ഓണറേറിയം, ബാനർ, ബ്രോഷർ, രജിസ്ട്രേഷൻ മെറ്റീരിയൽസ്, ലഘു ഭക്ഷണം, സർട്ടിഫിക്കറ്റ്, പരിപാടി സംബന്ധിയായ റിപ്പോർട്ട്/ബുക്ക്സ്/പ്രസിദ്ധീകരണങ്ങൾ/ ഫോട്ടോ ഡോക്യുമെന്റേഷൻ എന്നീ ഇനങ്ങൾക്കായി തുക വിനിയോഗിക്കാവുന്നതാണ്.
10. പരിപാടിയുടെ ഫോട്ടോകൾ അടക്കമുള്ള റിപ്പോർട്ടും (Both hardcopy and Softcopy – word), പങ്കെടുത്തവരുടെ രജിസ്ട്രേഷൻ വിവരങ്ങളും, ധനവിനിയോഗ സാക്ഷ്യപത്രവും (Utilization certificate & Statement of Expenditure), സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ട് പാസ് ബുക്കിന്റെ ആദ്യ പേജിന്റെ പകർപ്പ് എന്നിവ പരിപാടി നടന്ന് 14 ദിവസത്തിനുള്ളിൽ ബോർഡിന് സമർപ്പിക്കേണ്ടതാണ്. തുടർന്ന് പ്രസ്തുത വിവരങ്ങൾ പരിശോധിച്ച ശേഷം പണം അക്കൗണ്ടിലേയ്ക്ക് നൽകുന്നതാണ്.

The above sanction is subject to the following further conditions :

(1) Tender/e-tender and other required formalities shall be followed wherever necessary.

(2) All purchases will be made subject to strict observance of Stores Purchase Rules

(3) For civil works PWD schedule of rates shall be followed.

(4) The funds releasing will be based on actual requirement.